പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3328 23-06-2014-ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനം

ചോദ്യം

ശ്രീ.വി.ചെന്താമരാക്ഷൻ

എ) ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിന് ഉത്തരവ് ലഭിച്ചിട്ട് മാസങ്ങൾ പിന്നിട്ടിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഇത്തരത്തിൽ ഏതെല്ലാം വകുപ്പുകളിലാണ് നിയമന ഉത്തരവ് ലഭിച്ചിട്ടും നിയമനം നൽകാത്തത് എന്ന് വിശദമാക്കുമോ;

സി) എത്ര ഉദ്യോഗാർത്ഥികൾക്കാണ് ഇത്തരത്തിലുള്ള നിയമനം ലഭിക്കാത്തത് എന്ന് വിശദമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇവർക്ക് എന്ന് നിയമനം നൽകും എന്ന് വിശദമാക്കുമോ;

ഡി) ആശ്രിത നിയമനം വഴി ജോലിയിൽ പ്രവേശിച്ചവർക്ക് സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയത് സംബന്ധിച്ച വിശദാംശം നൽകുമോ; ഇവർക്ക് സ്ഥിര നിയമനം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ), (ബി), (സി), (ഡി)

ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ 06.07.2012-ലെ ജി.ഒ.(എം.എസ്) നം.174/12/ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 02.09.2013-ലെ ജി.ഒ.(എം.എസ്)നം.249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ 02.06.2014 ലെ ജി.ഒ.(എം.എസ്)നം.131/2014/ ജി.എ.ഡി. പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനു ശേഷം നിയമനം ലഭിക്കാത്തവരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവരുടെ നിയമനക്രമീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ